ഉത്തരം

(എ) 817.

(ബി) എവിടെയെല്ലാമുണ്ടെന്നു് പറയാൻ നിവൃത്തിയില്ല. എന്നാൽ ഈ വർഷം പുനലൂർ, നെടുമങ്കാവു്, പരപ്പനങ്ങാടി, തലശ്ശേരി എന്നിവിടങ്ങളിൽ മസൂരിബാധ ഉണ്ടായി.

(സി) 14 പേക്കു് സുഖക്കേടു പിടിപെട്ടു. അവരെല്ലാപേരും രക്ഷപ്പെട്ടു.

മിൽക്കു സപ്ലൈ യൂണിയനിലെ ധനാപഹരണം

82. [6] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മിൽക്കു് സപ്ലൈ യൂണിയനിൽ വല്ല ധനാപഹരണവും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; ആരാണു് ഉത്തരവാദി ; തുടർന്നു എന്തു നടപടികളാണു് എടുത്തു ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഇതേസംബന്ധിച്ചു ഒരു കേസു ചാർജ്ജുചെയ്തിട്ടുണ്ടു്. ഈ കേസു് നിലവിലിരിക്കുന്നതിനാൽ കൂടുതൽ വിവരങ്ങളും നൽകാൻ നിവൃത്തിയില്ല.

[9 A. M.] **Mr. Speaker :** Order, order. Question hour is over.

CALLING ATTENTION UNDER RULE 61.

I The lot of the Tapioca growers of the State due to the fall in prices of tapioca.

Mr. Speaker : I have received a notice under Rule 61 from Shri D. Damodaran Potti. I call upon him to make a statement.

ശ്രീ. ആന്റണി ഡിക്രൂസു് : സർ, റൂൾ 49 അനുസരിച്ചു ഞാൻ ഒരു മോഷനു് നോട്ടീസു കൊടുത്തിരുന്നു. അതിന്റെ കാര്യം എന്തായി എന്നറിഞ്ഞില്ല.

Mr. Speaker : I examined it. There is no urgency warranting the moving of an adjournment motion.

ശ്രീ. ഡി. ദാമോദരൻപോറ്റി: സർ, ഈ രാജ്യത്തെ മരച്ചീനി കൃഷിക്കാർ ഇപ്പോൾ അനുഭവിക്കുന്ന യാതനകളെ സംബന്ധിച്ചു ചില വസ്തുതകൾ ഈ ഗവണ്മെന്റിന്റെ മുമ്പാകെ വയ്ക്കുണമെന്നാണു് ഞാൻ ഈ നോട്ടീസുകൊണ്ടു ഉദ്ദേശിക്കുന്നതു്. നമ്മുടെ രാജ്യത്തു ഓരോ വർഷംകൂടുംതോറും മരച്ചീനികൃഷി അധപ്പതിച്ചുവരികയാണെന്നു കണക്കുകൾ നോക്കിയാൽ കാണാൻ കഴിയും. 1954—ൽ ഡാക്ടർ പി. ജെ. തോമസ്സിന്റെ അദ്ധ്യക്ഷതയിൽ ഒരു മരച്ചീനി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അന്നത്തെ പഴയ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ മരച്ചീനി വ്യവസായത്തെ സംബന്ധിച്ചിടത്തോളവും മരച്ചീനികൃഷിയെ സംബന്ധിച്ചിടത്തോളവും വേണ്ട പരിശോധനകളും നടത്തി തക്ക സമയത്തു റിപ്പോർട്ടു സമർപ്പിക്കുന്നതിനാണു് ഈ കമ്മിറ്റി രൂപീകരിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

അന്നു ആറുലക്ഷം ഏക്കറോളം സ്ഥലത്തു മരച്ചീനി കൃഷി നട്ടിട്ടുണ്ടായിരുന്നു. കഴിഞ്ഞ ദിവസം തന്നിരിക്കുന്ന ബഡ്ഡാറിനോടൊപ്പമുള്ള ഏക്കണോമിക് റവ്യൂവിൽ ഉള്ള കണക്കുകൾ വച്ചുനോക്കിയാൽ ഇന്നു കേരളത്തിൽ 61–62 വർഷങ്ങളിൽ 584,837 ഏക്കർ സ്ഥലത്തു മരച്ചീനി കൃഷി ചെയ്തിട്ടുള്ളപ്പോൾ 62-63-ൽ 5,47,626 ഏക്കറായി കുറഞ്ഞിട്ടുണ്ട്. അതു മാത്രമല്ല, 1,6,18000 ടൺ മരച്ചീനി ഉൽപ്പാദിപ്പിച്ചിരുന്നതു 1,515,000 ടണ്ണായി കുറഞ്ഞിട്ടുണ്ട്. ഇതാണു് ഗവണ്മെൻറുതന്നെ തന്നിട്ടുള്ള കണക്കുകൾ. നാൽപ്പതിനായിരം ഏക്കറോളം സ്ഥലം മരച്ചീനി കൃഷി ചെയ്തിരുന്നതു കുറയുകയും ഏതാണ്ടു് ഒരു ലക്ഷം ടൺ മരച്ചീനി ഉൽപ്പാദനത്തിൽ കുറയുകയും ചെയ്തു എന്നാണു് കണക്കുകൊണ്ടു് കാണുന്നതു്. വാസ്തവം പറഞ്ഞാൽ ഇന്നത്തെ നില നോക്കിയാൽ ഇനി വരാൻ പോകുന്ന കൊല്ലങ്ങളിൽ മരച്ചീനി കൃഷിക്കാർ അവരുടെ പുരയിടങ്ങളിൽ ഇനിയും മരച്ചീനി വയ്ക്കുമോ എന്ന കാര്യവും സംശയമാണു്. ഇവിടെ മരച്ചീനിക്കു വിലയുണ്ടു്. ഗവണ്മെൻറു് ഒരു പൈലറ്റ പദ്ധതി രൂപീകരിച്ചു അതു മുഖേന വില തിട്ടപ്പെടുത്തിയിട്ടുണ്ടു്. ഏതാണ്ടു മൂന്നാലു വർഷങ്ങളായി അങ്ങനെ പൈലറ്റ പദ്ധതിയനുസരിച്ചു ഒരു ടണ്ണിക്കു് ടൺ ഉണക്ക മരച്ചീനിക്കു 178 രൂപ കിട്ടുന്നുണ്ടു്. ഇന്നു 120, 130 രൂപയ്ക്കു മരച്ചീനി വ്യാപാരികൾക്കു വിൽക്കപ്പെടുവാൻ നിർബന്ധിതരായിത്തീരുന്ന സംവേവികാസം നമ്മുടെ നാട്ടിൽ ഉണ്ടു്. അതിനു പ്രധാനമായിട്ടുള്ള കാരണം ഗവണ്മെൻറു ഒരു മരച്ചീനി എക്സ്പോർട്ടേഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈ വ്യവസായം കൈകാര്യം ചെയ്യുന്നതു് കേരളത്തിലെ വ്യവസായികളല്ല വാസ്തവത്തിൽ കഴിഞ്ഞ അനേകം വർഷങ്ങളായി മരച്ചീനി കേരളത്തിനു പുറത്തേയ്ക്കു് കയറ്റി അയയ്ക്കുന്ന വിപണി കയ്യടക്കിവച്ചിരിക്കുന്നതു് ബാംബെയിലെ കച്ചവടക്കാരാണു്. 'മേത്ത' കാർപ്പറേഷനിലെ ആളുകളും 'ഷാ' കമ്പനിയിലെ ആളുകളുമാണു് ഈ വ്യവസായത്തെ കയ്യടക്കിവച്ചിരിക്കുന്നതു്. ഏതാണ്ടു് (50,000)ടൺ മരച്ചീനി കേരളത്തിൽനിന്നും പുറത്തേയ്ക്കു അയച്ചിട്ടുണ്ടെന്നുള്ളതു ഒരു വസ്തുതയാണു്. വളരെയധികം വിദേശനാണ്യം സമ്പാദിക്കാവുന്ന ഒരു സാധനമാണു് നമ്മുടെ രാജ്യത്തു വിളയുന്ന മരച്ചീനി. ഏതാണ്ടു് തേയിലയോടൊപ്പമോ, അല്ലെങ്കിൽ പുൽത്തൈലത്തിനോടൊപ്പമോ വിദേശനാണ്യം മരച്ചീനിയിൽനിന്നും കിട്ടുന്നതാണു്. ഏതാണ്ടു് അൻപതിനായിരം (50,000) ടണ്ണോളം മരച്ചീനി ഇവിടെനിന്നും കയറ്റുമതി ചെയ്തിട്ടുണ്ടു്. ഒരു ടൺ മരിച്ചീനിക്കു കുറഞ്ഞതു രണ്ടു രൂപയെങ്കിലും കിട്ടുമെന്നുള്ള നിലയ്ക്കു് തന്നെ ഏതാണ്ടു് 6 കോടി രൂപയോളം വിദേശനാണ്യം നേടിയെടുക്കുവാൻ കഴിയുന്ന ഒരു വിളസാധനമാണു് മരച്ചീനി. ഇന്നു ഈ ലാഭം അടിക്കുന്നതിലേക്കായി ഇവിടെ അവർക്കു മാത്രമേ ലൈസൻസ് കിട്ടുകയുള്ളു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നേരത്തെവന്നു് ഇവിടത്തെ മാർക്കറ്റു പിടിച്ചെടുത്തു കുറഞ്ഞ റേറ്റിൽ ചങ്ങനാശ്ശേരിയിൽനിന്നും തൃശ്ശൂരിൽനിന്നും അതുപോലെ മറ്റു മരിച്ചിനിയുള്ള പ്രദേശങ്ങളിൽനിന്നും വാങ്ങിച്ചു ശേഖരിച്ചു വച്ചിരിക്കുകയാണു്. 130 രൂപാ മാത്രമാണു് 178 രൂപ ഗവണ്മെൻറു നിശ്ചയിച്ചിരുന്ന മരച്ചീനിക്കു കിട്ടുന്നതു്. എങ്ങനെയെങ്കിലും പുരയിടങ്ങളിൽ കിടക്കുന്ന മരച്ചീനി ആരെങ്കിലും പിഴുതു മാറിയാൽ മതിയായിരുന്നുവെന്നു വിചാരിക്കുന്ന കർഷകരാണു് ഇന്നുള്ളതു്. അവരുടെ വേലക്കൂലിപോലും അവർക്കു ലഭിക്കുന്നില്ല. ഇവിടെ ഒരു ടാപ്പിയോക്കാ എക്സ്പോർട്ടേഷൻ ബോർഡ് ഉണ്ടു്. ഗവണ്മെൻറു രൂപീകരിച്ചതാണു് അതു്. ഗവണ്മെൻറുതന്നെ അതിലെ ഒരു ഭാഗം എന്നുള്ള നിലയ്ക്കു പ്രവർത്തിക്കുകയാണു്. റവന്യൂ ബോർഡ് രണ്ടോ മെമ്പറാണു് ഇതിലെ ചെയർമാൻ. ഞാനും ശ്രീ. പാഴിക്കാടനും ശ്രീ. ടി. ഓ. ബാവായും അതിലെ മെമ്പറന്മാരാണു്. മരച്ചീനിയുടെ അധ:പതനത്തെ ലക്ഷ്യമാക്കികൊണ്ടു് മരച്ചീനി എക്സ്പോർട്ട വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും കൈക്കൊള്ളുവാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുന്നുണ്ടെന്നുള്ള വാസ്തവം ഞാൻ സന്തോഷത്തോടുകൂടി അനുസ്മരിക്കുകയാണു്. ഇവിടത്തെ ഗവണ്മെൻറു പറഞ്ഞാലും കേന്ദ്ര ഗവണ്മെൻറിന്റെ ഫുഡ് മിനിസ്റ്റർ പറഞ്ഞാലും സ്റ്റേറ്റു ട്രെയിഡിംഗ് കാർപ്പറേഷന്റെ എക്സ്പോർട്ട് പാളിസി കൺട്രോൾ ചെയ്യാൻ കഴിയുന്നില്ല എന്നു വന്നിരിക്കുകയാണു്. ഇവിടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. ദാമോദരൻ പോറ്റി]

ടാപ്പിയോക്കാ എക്സ്പാൻഷൻ ബോർഡ് സ്റ്റേറ്റു ട്രേയിഡിംഗ് കാർപ്പറേഷനോട് പറയുകയുണ്ടായി അവർ മുഖാന്തിരം മരച്ചീനി കയറ്റി അയയ്ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിത്തരണമെന്ന്. റവന്യൂ ബോർഡുമെമ്പർ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി അതിലെ എല്ലാ മെമ്പറന്മാരുമായി ആലോചിച്ച് ഒരു തീരുമാനം എടുത്തു. കേരളാ ഗവണ്മെന്റു ഇങ്ങനെ കയറ്റി അയയ്ക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന്. അങ്ങനെ എക്സ്പാൻഷൻ ബോർഡിനു അതിന്റെ ചുമതല ലഭിച്ചു. ഇതുമായപ്പോഴേക്കും കമ്പിക്കുപുറമെ കമ്പിയായി. ബഹുമാനപ്പെട്ട മന്ത്രിതന്നെ കേന്ദ്രത്തിലേയ്ക്കും സ്റ്റേറ്റു ട്രേഡിംഗ് കാർപ്പറേഷനിലേയ്ക്കും കമ്പി അടിച്ചു, ബോർഡിന്റെ തീരുമാനം ലൈസൻസ് ചെയ്യാൻ പാടില്ല എന്നു്. എന്താണെന്നു വച്ചാൽ കഴിഞ്ഞ കൊല്ലങ്ങളിൽ മേത്താ കാർപ്പറേഷനും 'ഷാ' ആൻഡ് കമ്പനിക്കും മരച്ചീനി എക്സ്പോർട്ട് ചെയ്യാനുള്ള ലൈസൻസ് കൊടുത്തുകഴിഞ്ഞു. മൂവായിരം ടൺ മരച്ചീനി കൊച്ചിയിൽനിന്നും അയച്ചുകഴിഞ്ഞു. ടൺ ഒന്നുക്ക് അൻപതും അറുപതും രൂപ കൊറ്റുള്ളലാഭം അടിക്കുന്ന ഒരു പ്രസ്ഥാനത്തിനു ഗവണ്മെന്റു കൂട്ടുനിൽക്കുകയാണു്. കഴിഞ്ഞ കൊല്ലത്തേക്കാൾ ഈ കൊല്ലം മരച്ചീനിവില താഴ്ന്നുപോകരുതെന്നുള്ള നിലയിൽ ഇവിടത്തെ മന്ത്രിയും കേന്ദ്ര ഫുഡ് മിനിസ്റ്ററും ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. അതിൽ അവർ അഭിനന്ദാർഹരുമാണു്. കേന്ദ്രത്തിലെ മന്ത്രി ശ്രീ. എം. എം. തോമസ് ഈ കാര്യങ്ങളെക്കുറിച്ചു് വളരെയധികം പഠിച്ചു ഒരു എക്സ്പോർട്ട് മാക്കറ്റു ഉണ്ടാക്കാൻ ശ്രമിച്ചവരുന്ന ആളാണു്. പക്ഷേ ഈ സംസ്ഥാനത്തെ മന്ത്രിയോ കേന്ദ്രത്തിലെ മന്ത്രിയോ പറയുന്നതു സ്റ്റേറ്റു ട്രെയിഡിംഗ് കാർപ്പറേഷൻ വകവയ്ക്കുന്നതിലല്ല എന്നുള്ള ഒരു നിലയിൽ ഇന്നു എത്തിയിരിക്കുകയാണു് കാര്യങ്ങളും. അടിയന്തിരമായി ചെയ്യാനായി ഗവണ്മെന്റിനെ എനിക്കു ഉൽബോധിപ്പിക്കുവാനുള്ളതു് ഈ കച്ചവടത്തിന്റെ എല്ലാ വസ്തുതകളെയുംപറ്റി വിശദമായ ഒരു അന്വേഷണം നടത്താൻ ഇൻഡ്യാ ഗവണ്മെൻറിനോടു സമ്മർദ്ദംചെലുത്തണം. അതുപോലെതന്നെ ഒരു കോടി രൂപയോളം വിദേശനാണ്യം നമുക്കു നേടിത്തരുന്ന ഈ മരച്ചീനി കൃഷിക്കു അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഖാദിബോർഡിനെപ്പോലെയും, കയർബോർഡിനെപ്പോലെയും ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് രൂപീകരിക്കുന്നതിൽ മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതുണ്ടു്. മൂന്നാം പഞ്ചവൽസര പദ്ധതിയിൽ മരച്ചീനിക്കുവേണ്ടി വലിയപ്രോൽസാഹനമൊന്നും കാണിച്ചിട്ടില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേണസാധനമെന്നുള്ള നിലക്കും, ഏറ്റവും വലിയ വരുമാനമാർഗ്ഗം കിട്ടത്തക്ക, വിദേശനാണ്യം നേടത്തക്ക വിധത്തിലും നാലാം പദ്ധതിയിലെങ്കിലും കാര്യമായ പദ്ധതികൾ രൂപീകരിക്കണമെന്നും എനിക്കഭിപ്രായമുണ്ടു്. ഈ നാലുകാര്യങ്ങളാണു് ഈ മോഷൻ വഴി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നതു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്): സർ, എത്രയും മാസങ്ങൾക്കു മുമ്പു് ഇൻഡ്യാ ഗവണ്മെൻറിന്റെ എക്സ്പോർട്ട് പ്രമോഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു നിർദ്ദേശം ഈ ഗവണ്മെൻറിനും ഇവിടത്തെ കപ്പകൃഷിക്കാരുടെ പ്രതിനിധികൾക്കും ലഭിക്കുകയുണ്ടായി. അൻപതിനായിരം ടൺ കപ്പപ്പൊടി ഇൻഡ്യയിൽ നിന്നും കയറ്റി അയക്കുന്നതിനു ഇൻഡ്യാ ഗവണ്മെൻറിനു ഉദ്ദേശം ഉണ്ടെന്നും എ ന്തെ ല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുവാൻ സാധിക്കുമെന്നും അന്വേഷിച്ചുകൊണ്ടാണു് ആ നിർദ്ദേശങ്ങൾ അയച്ചുതന്നിട്ടുള്ളതു്. സ്റ്റേറ്റു ട്രേഡിംഗ്ങ് കാർപ്പറേഷനും, എക്സ്പോർട്ട് പ്രമോഷൻ കമ്മറ്റിക്കും ഈ നിർദ്ദേശം അയച്ചുകൊടുക്കുകയും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇതുയും മരച്ചീനിപ്പൊടി അയയ്ക്കുന്നതിനു ചെയ്തുകൊടുക്കാമെന്നും അവരെ അറിയിക്കുകയും ചെയ്തു. അങ്ങനെ കയറ്റുമതി ചെയ്യുമ്പോൾ ടാപ്പിയോക്കാ എക്സ്പാൻഷൻ ബോർഡിനെ ഉപയോഗിക്കണമെന്നും, അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചു ചെയ്യണമെന്നും കൂടി ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ നവംബർ മാസത്തിലാണ് ഇതുണ്ടായതു്. ജനുവരിമാസത്തിൽ 25 ആയിരം ടൺ ഈ കൊല്ലം കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, അതിനാവശ

LIBRARY ARCHIVES Kerala Legislative Assembly

മായ എല്ലാ ഏർപ്പാടുകളും ചെയ്യണമെന്നും ആവശ്യപ്പെടുന്ന ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം വീണ്ടും ലഭിക്കുകയുണ്ടായി. ഇതിനെപ്പറ്റിയുള്ള ചർച്ച നടന്ന അവസരത്തിൽ ജർമ്മനിയിൽ ഒരു ടൺ മരച്ചീനി 254 രൂപയ്ക്കു ലഭിക്കുമ്പോൾ ഇവിടെ 327 രൂപ ലഭിച്ചുവെങ്കിൽ മാത്രമേ ഇതു ഒരു മാതിരി ആദായകരമായി വരികയുള്ളൂ ഈ വില വ്യത്യാസം കൊണ്ടുവരുന്ന ബുദ്ധിമുട്ടിനെ പരിഗണിച്ചു കയറ്റി അയയ്ക്കുന്നതിൽ ടണ്ണിനു അൻപതു അറുപതു രൂപയോളം ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും സബ്സിഡി തരണമെന്നു ആവശ്യപ്പെടുകയും അങ്ങനെ ആലോചിക്കാമെന്നു അവർ മറുപടി പറയുകയും ചെയ്തു. ഈ അടുത്ത ദിവസത്തിൽ 1000 ടൺ കപ്പയുള്ള ടെണ്ടേഴ്സ് ടേയ്ക്കിംഗ് കാർപ്പറേഷൻ ക്ഷണിക്കുകയുണ്ടായി. അതിനു വളരെ ചുരുങ്ങിയ സമയം മാത്രമേ അനുവദിച്ചിരുന്നുള്ളൂ. കപ്പ കൃഷിക്കാരുടെ പ്രതിനിധികളും കപ്പ കയറ്റുമതി ചെയ്യാൻ താൽപ്പര്യമുള്ളവരുമായ ആളുകളും ഉടനെ ഗവണ്മെൻറിനോടു ഇതു വളരെ ബുദ്ധിമുട്ടു ഉണ്ടാക്കുമെന്നും മൂന്നുദിവസം അവധിവച്ചു ടെണ്ടേഴ്സ് വിളിച്ചുകൊണ്ടു വളരെ കുറഞ്ഞവിലക്കു കപ്പവാങ്ങി സൂക്ഷിച്ചിട്ടുള്ള വലിയ വ്യവസായികൾക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ എന്നും ഗവണ്മെൻറിനെ അറിയിച്ചു. അടിയന്തിരമായി വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു. ഗവണ്മെൻറു ഉടനെ ഇങ്ങനെ ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യണമെന്നും കാണിച്ചു 'കമേർഷ്യൽ ആൻറ് ഇൻഡസ്ട്രീസ് മിനിസ്ട്രി' കമ്പി അടിച്ചിട്ടുണ്ടു്. ഈ ടെൻഡറിൽ വളരെ കുറച്ചു സമയമേ കൊടുത്തിരുന്നുള്ളൂ. അതുകൊണ്ടു ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ചതുപോലെ വളരെ കുറഞ്ഞ വിലയ്ക്കു വാങ്ങി സൂക്ഷിച്ചിട്ടുള്ള വലിയ വ്യവസായികൾക്കു മാത്രമേ ഇതിന്റെ ലാഭം ലഭിക്കുകയുള്ളൂ. ഇവിടെ നട്ടുപോയ മരച്ചീനി തന്നെ എങ്ങിനെയെങ്കിലും പിഴുതുമാറ്റിയാൽ മതിയെന്ന മനോഭാവമുള്ളപ്പോൾ ഈ വലിയ വ്യവസായികൾക്കു വളരെ ചുരുങ്ങിയ വിലക്കു വാങ്ങി സൂക്ഷിക്കുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ഇതെല്ലാം പരിഗണിച്ചു ടാപ്പിയോക്കാ എക്സ്പാൻഷൻ ബോർഡിന്റെ ചുമതലയിൽ ഇരുപതു കപ്പപ്പൊടി വാങ്ങിച്ചു അയയ്ക്കുന്നതിനുള്ള ഏർപ്പാടു ചെയ്യണമെന്നു് കാണിച്ചും മേൽപറഞ്ഞ വിവരങ്ങൾ കാണിച്ചും കമ്പിയടിച്ചിട്ടുണ്ടു്. അതിനു മറുപടിയായി ബോർഡിന്റെ നിർദ്ദേശം അനുസരിച്ചു കയറ്റുമതി ചെയ്യുന്നതിനു മുൻഗണന നൽകുന്നതാണെന്നു് കാണിച്ചു ഇന്നു് മറുപടി ലഭിച്ചിട്ടുണ്ടു്. വളരെ വിശദമായി എന്തു ചെയ്യണമെന്നുള്ള കാര്യങ്ങളെപ്പറ്റിയുള്ള എഴുത്തു പ്രതീക്ഷിച്ചിരിക്കുകയാണു്. ഇവിടത്തെ അഗ്രിക്കൾച്ചറൽ സെക്രട്ടറി എസ്സു്. റാവു. സിയുടെ പ്രതിനിധിയെ നേരിട്ടു കാണുകയും ഈ ബുദ്ധിമുട്ടിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഇന്നു കിട്ടിയിട്ടുള്ള കമ്പിയുടെ അടിസ്ഥാനത്തിൽ ഇനിയും എന്തു ചെയ്യണമെന്നുള്ള വിശദമായ എഴുത്തു പ്രതീക്ഷിച്ചിരിക്കുകയാണു്.

II. Notices Served on the Malaria Surveillance Workers for the termination of their Services'

Mr. Speaker: I call upon the Minister for Public Health to make a reply on a Rule 61 notice given by Shri E. P. Gopalan, yesterday.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): സർ, നാഷണൽ മലേറിയാ ഇറാഡിക്കേഷൻ പദ്ധതിയനുസരിച്ചു സർവെയ്ലൻസ് വർക്കസ് നമ്മുടെ സംസ്ഥാനത്തു് ആദ്യമായി ആരംഭിച്ചതു് 1960—ലാണു്. അതനുസരിച്ചു് മൊത്തം പതിനാലര യൂണിറ്റാണു് നമ്മുടെ സംസ്ഥാനത്തു് പ്രവർത്തനം ആരംഭിച്ചതു്. മാർച്ചു് 31—ാം തീയതി അവസാനത്തോടുകൂടി ഈ വർക്കസ് നമ്മുടെ സംസ്ഥാനത്തു് പൂർത്തിയാകും. അതിന്റെ ഫലമായി ഇപ്പോഴുള്ള പതിനാലര യൂണിറ്റിൽ പതിമൂന്നര യൂണിറ്റു പിൻവലിക്കണം. ഏറ്റവും കൂടുതൽ ഫലപ്രദമായ രീതിയിൽ ആദ്യമായി മെയിൻറനൻസ് സ്റ്റേജിലേക്കു കടന്നതു് നമ്മുടെ സ്റ്റേറ്റാണു്. മൊത്തം സർവെയ്ലൻസ് വർക്കസിൽ ഏർപ്പെട്ടിരുന്നതു് 1962 ജോലിക്കാരാണു്. അവരെ

LIBRARY ARCHIVES Kerala Legislative Assembly